## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 809** — **30.06.2015- ൽ മറുപടി.**

### ഹരിപ്പാട് മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. ടി.എം.തോമസ് ഐസക് | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഹരിപ്പാട് പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയാക്കി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് എത്ര രൂപയാണ്; ഇതിനകം ചെലവായ തുക എത്ര; | (എ) ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന മതിപ്പ് ചിലവ് രൂപ. 29,930.60 ലക്ഷമാണ്. മെഡിക്കൽ കോളേജ് തുടങ്ങുവാനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി രൂപ. 29,82,614/ ചിലവായിട്ടുണ്ട്. |
| (ബി) സർക്കാരിന്റെ ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ആശുപത്രി ആരംഭിക്കുന്നത്; ഇതിനായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) നിർദ്ദിഷ്ട ഹരിപ്പാട് മെഡിക്കൽ കോളേജിനായി പി.പി.പി മോഡൽ നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളും, നിർമ്മാണ പ്രവർത്തനങ്ങൾക്കും ധനം ശേഖരിച്ച് നടത്തുന്നതിന് 'ഇൻഫ്രാമെഡ്' എന്ന ഒരു കമ്പനി, കമ്പനി രജിസ്ട്രാറിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ആശുപത്രി പൂർണ്ണതോതിൽ പ്രവൃത്തിക്കുന്നതിനായി ലക്ഷ്യമിട്ട തീയതി എന്നാണ്; സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി വകയിരുത്തപ്പെട്ട തുക എത്ര; ഏതെല്ലാം നിലയിൽ എത്ര തുക ഇതിനായി വായ്പ എടുക്കാനുദ്ദേശിക്കുന്നു; വായ്പ തിരിച്ചടക്കുന്നത് ബഡ്ജറ്റ് വിഹിതത്തിലൂടെയാണോ; വിശദമാക്കാമോ? | (സി) ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനായി ഒരു തീയതി നിശ്ചയിച്ചിട്ടില്ല. സംസ്ഥാന ബഡ്ജറ്റിൽ ഹരിപ്പാട് പ്രൊജക്റ്റിനായി 2015-16 വർഷത്തേക്ക് ടോക്കൺ ഗ്രാന്റായി രൂപ 1000/- വകയിരുത്തിയിട്ടുണ്ട്. ആശുപത്രിയ്ക്കായി നബാർഡ് 89 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നബാർഡ് വായ്പ തിരിച്ചടയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനം തന്നെ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ